# തകരുന്ന വ്യവസായം തളരുന്ന കാർഷികമേഖല

320-954
THA

സി.പി.ഐ.(എം) കേരള സംസ്ഥാനകമ്മിറ്റി
പ്രസിദ്ധീകരിക്കുന്നത്

വില: 0.75 രൂപ

J738

# തകരുന്ന വ്യവസായം തളരുന്ന കാർഷികമേഖല

## ഒന്ന്

ഇത്രയും ചുരുങ്ങിയ കാലയളവിനുള്ളിൽ ഒരു സംസ്ഥാനത്തിന്റെ മുഖഛായ ഇത്രയേറെ മാറുകയോ? വെറും അഞ്ചേ അഞ്ച് വർഷം. രാഷ്ട്രീയത്തിൽ, സാമൂഹ്യരംഗത്ത്, സാംസ്കാരികമേഖലയിൽ ആരോഗ്യം തുടിച്ചിരുന്ന, ആത്മവിശ്വാസം സ്ഫുരിച്ചിരുന്ന കേരളത്തിന്റെ ആമുഖമിന്നെവിടെ? ആ മുഖത്തിന്ന് ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠയുടെ പാടുകൾ; ദാരിദ്ര്യത്തിന്റെയും ദൈന്യതയുടെയും ചുളിവുകൾ; രോഷത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ ചിതറുന്ന കണ്ണുകൾ. കേരളം മാറിയിരിക്കുന്നു. വെറും അഞ്ചേ അഞ്ചുവർഷം കൊണ്ട്.

നോക്കൂ, രാഷ്ട്രീയരംഗത്ത്, പരസ്പരവിശ്വാസത്തിന്റെയും സഹകരണത്തിന്റെയും സംസ്ഥാനത്തിന്റെ പുരോഗതി ഉറപ്പുവരുത്താനുള്ള വ്യഗ്രതയുടെയും അടിസ്ഥാനത്തിലുള്ള ഇടതുപക്ഷ ജനാ

320.954 THA.


ധിപത്യമുന്നണി ഭരണത്തിൻെറ സ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷമായി എന്താണ് നിലനിന്നിരുന്നതെന്ന് നോക്കൂ. ഭരണമുന്നണിയിലെ നേതൃപാർടിയായ കോൺഗ്രസ്ഐയുടെ നേതാക്കൾ ഗ്രൂപ്പുവഴക്കിൻെറ ചക്കളത്തിപ്പോരാട്ടത്തിൽ. അനുയായികൾ തമ്മിൽ കുത്തും കൊലയും. മുഖാമുഖം കാണുമ്പോൾ മീശയ്ക്കുതാഴെയുള്ള ദന്തനിരയാകെ പ്രദർശിപ്പിക്കുകയും തിരിഞ്ഞയുടനെ വിഷബാണങ്ങൾ തൊടുത്തുവിടുകയും ചെയ്യുന്ന ഘടകകകക്ഷിക്കാർ. ഇതും ഒരു ഭരണമോ? ഛെ, നാണക്കേട്.

ഭരണരംഗം നോക്കൂ. ചക്കരക്കുടം കിട്ടാനായി ആരുടെ കാലും നക്കാൻ തയ്യാറുള്ള അഴിമതിക്കുട്ടപ്പൻമാർ. കോർപ്പറേഷനുകൾക്കുവേണ്ടി, കമ്മിറ്റികൾക്കുവേണ്ടി, കോളേജുകൾക്കുവേണ്ടി, സ്കൂളുകൾക്കുവേണ്ടി, കേരളത്തെയാകെ ലേലത്തിൽക്കൊള്ളുന്ന കോൺട്രാക്ടുകൾക്കുവേണ്ടി അവർ അധികാരസ്ഥാനീയരുടെ പാദങ്ങളിൽ ദണ്ഡനമസ്കാരം നടത്തുന്നു. കമിഴ്ന്നുവീണാൽ കാൽപ്പണം കൈക്കലാക്കുന്ന ചരിത്രപുരുഷൻമാർക്കൊപ്പം കോടി ഖദറിൻെറയും അത്തറിൻെറയും ഗന്ധം പ്രസരിപ്പിക്കുന്ന പുത്തൻ കൂറ്റുകാർ. തലസ്ഥാനത്തു മാത്രമല്ല സംസ്ഥാനത്തുടനീളം അവരുടെ അഴിമതിയുടെ ദുർഗന്ധം. മുളകുവാങ്ങുന്നതിൽ, സിമൻറ് വാങ്ങുന്നതിൽ, പാമോയിൽ ഇറക്കുമതിയിൽ, ചാരായം. വിദേശമദ്യഷാപ്പ് ലേലത്തിൽ, വൈദ്യുതിപദ്ധതി കരാറിൽ, നികുതിപിരിവിൽ. എവിടെയും തട്ടും ഇടത്തട്ടും. 1982–87ൽ തങ്ങൾ ചെയ്തതൊന്നും ഒരു ശെയ്ത്തല്ല, ഇതാണ് ശരിയായ ശെയ്ത്ത് എന്ന് അഹങ്കരിച്ചുമദിക്കുന്ന രാഷ്ട്രീയവേതാളങ്ങൾ. ഇതും ഒരു ഭരണമോ? ഛെ, നാണക്കേട്.

അവർ ഭരിക്കുകയാണ്. ഫോർ ദ പീപ്പിൾ, ബൈ ദി പീപ്പിൾ, ഓഫ് ദ പീപ്പിൾ എന്ന ലിങ്കൺസ്മൃതി ഞങ്ങൾ, ഞങ്ങൾക്കുവേണ്ടി, ഞങ്ങളാൽ എന്ന് വിവർത്തനംചെയ്ത്, അവർ ഭരിക്കുകയാണ്. അവരുടെ മുഖത്ത് ചുളിവുകളില്ല. അവരുടെ കണ്ണുകളിൽ കിട്ടാവുന്നേടത്തോളം ഒതുക്കിയെടുത്തതിൻെറ സംതൃപ്തി. ഒരേയൊരു കാര്യത്തിൽ മാത്രമേ അവർക്ക് ഉത്കണ്ഠയുള്ളൂ. ഇനിയൊരു കുറികൂടി ഹജുർകച്ചേരിയിലെ സുഖശീതളതയിൽ രമിക്കാൻ ജനം തങ്ങൾക്ക് അനുവാദം നൽകാതിരിക്കുമോ എന്ന ആശങ്ക. ആ ശങ്കമൂലം ഇല്ലാത്ത നേട്ടങ്ങളുടെയും ചെയ്യാത്ത കാര്യങ്ങളുടെയും പൊയ്‌വാക്കുകളും നടപ്പാക്കാനാകാത്ത സുഖസുന്ദരകാര്യങ്ങളുടെ കപടവാഗ്ദാനങ്ങളുമായി അവർ ജനങ്ങൾക്കു മുമ്പാകെ വരാനൊരുങ്ങുകയാണ്. ജനങ്ങളുടെ കണ്ണിൽ മണ്ണിട്ട് ഒരിക്കൽകൂടി വോട്ടുതട്ടാൻ. വീണ്ടും അധികാരത്തിലേറാൻ. തങ്ങളുടെ സാമ്പത്തികമേദസ്സ് വീണ്ടും വർധിപ്പിക്കാൻ അവരെ സൂക്ഷിക്കുക.

# രണ്ട്

പക്ഷെ, ഇവിടെ, ജനങ്ങൾക്ക് അവരെ തിരിച്ചറിയാനാകും. പബ്ലിക്റിലേഷൻ വകുപ്പിൻെറ പോസ്റ്റർ -പരസ്യവാചകങ്ങളും മണിശങ്കർ തയ്യാറാക്കി ദൂരദർശൻ മണിക്കൂറിടവിട്ട് പ്രദർശിപ്പിക്കുന്ന "റാവുദർശന"വുമല്ല തങ്ങളുടെ ജീവിതയാഥാർത്ഥ്യമെന്ന് അവർക്കറിയാം. ഇവിടെ ജനങ്ങൾ പൊരിയുകയാണ്. അരിയുടെ, മുളകിൻെറ, ഉള്ളിയുടെ, മല്ലിയുടെ, മറ്റൊരു നൂറുകൂട്ടം വസ്തുക്കളുടെ വിലക്കയറ്റം മൂലമുള്ള പൊരിച്ചിൽ. വെള്ളക്കരവും വൈദ്യുതിച്ചാർജും കൂട്ടിയതിൻെറ പൊരിച്ചിൽ. ശവംകീറുന്നതിനുപോലും കാശുകൊടുക്കേണ്ടിവരുന്നതിൻെറ പൊരിച്ചിൽ. ഇല്ലാത്ത ചരക്കിനായി മാവേലി സ്റ്റോറിനു മുന്നിൽ കാത്തുകെട്ടിക്കിടക്കേണ്ടതിൻെറ പൊരിച്ചിൽ. എരിപൊരികൊള്ളുന്ന ഒരു സമൂഹമാണ് ഇന്ന് മലയാളികൾ.

സമൂഹത്തിലാകെ ഇത് നിലനിൽക്കുന്നുവെങ്കിലും നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലായ കൃഷി, വ്യവസായം എന്നീ മേഖലകളിൽ ഇത് എത്രത്തോളം തീവ്രമാണെന്നാണ് പരിശോധിക്കപ്പെടേണ്ടത്. അതുകൊണ്ട് കൃഷിയുടെ കാര്യം തന്നെ ആദ്യം പരിശോധിക്കാം.

കേരളത്തിൻെറ കാർഷികമേഖലയെ മുച്ചൂടും മുടിപ്പിച്ചതിൻെറ ചരിത്രവുമായാണ് യുഡിഎഫ് ഗവർമെണ്ട് അഞ്ചുവർഷം പൂർത്തിയാക്കുന്നത്. തെരഞ്ഞെടുപ്പുകാലത്ത് നൽകിയ വാഗ്ദാനങ്ങൾ, അധികാരമേറ്റെടുത്ത ഉടനെ നടത്തിയ പ്രഖ്യാപനങ്ങൾ എന്നിവയെല്ലാം ഇന്ന് ജലരേഖയായി മാറിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിൻെറ കാർഷികമേഖലയാകെ ഇരുൾപരന്നിരിക്കുകയാണ്.

യുഡിഎഫ് ഗവർമെണ്ടിൻെറ പ്രഥമബജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനമന്ത്രി ഉമ്മൻചാണ്ടി പ്രഖ്യാപിച്ചു. "കേരളത്തിൻെറ വളർച്ചയ്ക്കും പുരോഗതിക്കും കാർഷികമേഖലയുടെ വികസനം നിർണ്ണായകമാണ്. കാർഷികമേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തി, സമീപനത്തിലും പരിപാടികളിലും അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. കേരളത്തിൻെറ പ്രത്യേകതകൾ കണക്കിലെടുത്ത് തനതായ ഒരു കാർഷികവികസനനയം ഗവർമെണ്ട് ആവിഷ്കരിച്ചു നടപ്പാക്കുന്നതാണ്. കാർഷികവരുമാനവർധന, കൂടുതൽ തൊഴിലവസരങ്ങൾ, കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായവികസനം തുടങ്ങിയവയാണ് പുതിയ കാർഷികവികസനനയത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ."

ഇതിൻെറ അടിസ്ഥാനത്തിൽ 1992 മാർച്ചിൽ ഗവർമെണ്ട് ഒരു കാർഷികനയം അവതരിപ്പിക്കുകയും ചെയ്തു. അതിൽപ്പറഞ്ഞു: "കർഷകർക്ക് മാന്യമായ ജീവിതരീതിയും തത്തുല്യമായ സാമൂഹിക നിലവാരവും ഉറപ്പുവരുത്തുന്ന ഒരു തൊഴിലായി കാർഷികവൃത്തിയെ അംഗീകരിക്കുകയും വികസിപ്പിച്ചെടുക്കുകയും ചെയ്യുക എന്നത് സർക്കാർനയമായിത്തന്നെ സ്വീകരിച്ചിരിക്കുകയാണ്."

അതിൻെറ തുടർച്ചയായി കാർഷികമേഖലയ്ക്ക് ഓജസ്സും തേജസ്സും നൽകുന്നതിനായി എന്തെല്ലാം ചെയ്യാനുദ്ദേശിക്കുന്നുവെന്ന് ആ പ്രഖ്യാപനത്തിൽ പറഞ്ഞിരുന്നു.

"എ. ചെറുകിട കൃഷിക്കാരൻെറ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉൽപാദനോപാധികളുടെ വിതരണസംവിധാനത്തെയും വിജ്ഞാന വ്യാപന ഗവേഷണരംഗങ്ങളെയും രൂപാന്തരപ്പെടുത്തും.

ബി. കാർഷികവൃത്തിയിൽ കടന്നുകൂടിയിരിക്കുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുവാൻ കൂട്ടായ കൃഷിസംരംഭങ്ങൾക്ക് പ്രാമുഖ്യം നൽകും.

സി. കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്കരണം, വിപണനം എന്നിവ കൃഷിവികസനപരിപാടിയുടെ അവിഭാജ്യഘടകങ്ങളായി പരിഗണിക്കും. തൻെറ ഉൽപ്പന്നത്തിൻെറ മൂല്യം വർധിപ്പിച്ച് കർഷകൻെറ വരുമാനം വർധിപ്പിക്കുക എന്നതാണ് ഇതിൻെറ ലക്ഷ്യം. സാമ്പത്തികസഹായങ്ങളെയും സാമൂഹിക സുരക്ഷാനടപടികളെയും കാർഷികനയത്തിൻെറ അടിസ്ഥാന ഘടകങ്ങൾ എന്ന നിലയ്ക്കാണ് സർക്കാർ അംഗീകരിച്ചിരിക്കുന്നത്."

ഇവയിൽ ആദ്യത്തെ പ്രഖ്യാപനം വന്നിട്ട് അഞ്ചുവർഷവും രണ്ടാമത്തേത് വന്നിട്ട് നാലേകാൽ വർഷവും പൂർത്തിയാകുന്നു. ഇപ്പോൾ എന്താണ് സ്ഥിതി? പ്രഖ്യാപനങ്ങളോരോന്നും തന്നെ ക്രൂരമായ ഫലിതങ്ങളായിത്തീർന്നുവെന്നതാണ് യാഥാർത്ഥ്യം.

ഗവർമെണ്ടിൻെറ കാർഷികകർമ്മ പരിപാടികളിൽ ആദ്യത്തേത് തന്നെ നമുക്ക് പരിശോധിക്കാം. "ഉൽപ്പാദനോപാധികളുടെ വിതരണ സംവിധാനത്തെ" ചെറുകിട കൃഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ രൂപാന്തരപ്പെടുത്തുമെന്നായിരുന്നുവല്ലോ പ്രഖ്യാപനം. അതിൻെറ വിശദീകരണമായാണ് "സാമ്പത്തിക സഹായങ്ങളെ കാർഷികനയത്തിൻെറ അടിസ്ഥാനഘടക"മായി ഗവർമെണ്ട് അംഗീകരിക്കുന്നുവെന്ന് പറഞ്ഞത്. ഇതുപറഞ്ഞ് മാസങ്ങൾ കഴിഞ്ഞില്ല, ഗവർമെണ്ട് ആ പ്രഖ്യാപനത്തിൽ നിന്ന് പിറകോട്ടുപോയി.

എന്തു സംഭവിച്ചുവെന്ന് നോക്കുക. മണ്ണും മനുഷ്യാധ്വാനവും കഴിഞ്ഞാൽ കാർഷികമേഖലയിലെ മുഖ്യ ഉൽപാദനോപാധികളിലൊ

ന്നാണ് രാസവളം. കാർഷികോൽപ്പാദനവർധനവിനായി അംഗീകരിക്കപ്പെട്ട ഹരിതവിപ്ലവതന്ത്രത്തിലെ ഒരു സുപ്രധാനഘടകമായിരുന്നു രാസവളം ന്യായവിലയ്ക്ക് ലഭ്യമാക്കൽ. അതിനുവേണ്ടിയാണ് 1979 മുതൽ രാസവളത്തിന് സബ്സിഡി ഏർപ്പെടുത്തപ്പെട്ടത്. സബ്സിഡി നിലവിൽ വന്നതോടെ ഇന്ത്യയിലെവിടെയും രാസവളം കൃഷിക്കാർക്കു മിതമായ നിരക്കിൽ ലഭ്യമാകുമെന്ന് വന്നു. അത് പരമാവധി പ്രയോജനപ്പെടുത്തിയതുകൊണ്ട് കൃഷിക്കാർക്ക് ഉൽപാദനം വമ്പിച്ച തോതിൽ വർധിപ്പിക്കാൻ കഴിഞ്ഞു.

പ്രയോജനകരമായി നിലനിന്നിരുന്ന ആ സംവിധാനം തുടരുമെന്നും മെച്ചപ്പെടുത്തുമെന്നുമാണല്ലോ കാർഷികനയം വ്യക്തമാക്കിയത്. എന്നാൽ, എന്താണ് സംഭവിച്ചത്? ആ പ്രഖ്യാപനം അച്ചടിച്ചതിൻെറ മഷിയുണങ്ങുംമുമ്പേ രാസവളത്തിൻെറ സബ്സിഡി പിൻവലിക്കപ്പെട്ടു. ഫോസ്ഫേറ്റ്, പൊട്ടാഷ് എന്നീ വളങ്ങളുടെ വില പലമടങ്ങായി ഉയർന്നു. അവർ രാസവളത്തിൻെറ ഉപയോഗം കുറച്ചു. ഏറ്റവും പുതിയ കണക്കനുസരിച്ച് കേരളത്തിൽ സബ്സിഡി പിൻവലിച്ചതിനെ തുടർന്ന് രാസവളം ഉപയോഗം 27 ശതമാനം കുറഞ്ഞിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ ഏറ്റവും വലിയ ഇടിവ് നമ്മുടെ സംസ്ഥാനത്താണ്.

അതിനു കാരണമുണ്ട്. നമ്മുടെ സംസ്ഥാനത്ത് മുഖ്യമായും ഉപയോഗിക്കുന്നത്, ഫോസ്ഫേറ്റ്, പൊട്ടാഷ് വളങ്ങളാണ്. വടക്കേഇന്ത്യയിലാകട്ടെ, യൂറിയയും (നൈട്രജൻ), സബ്സിഡി വെട്ടിക്കുറച്ചപ്പോൾ യൂറിയയുടേത് 30 ശതമാനമേ വെട്ടിക്കുറച്ചുള്ളൂ. ഫോസ്ഫേറ്റ്, പൊട്ടാഷ് എന്നിവയുടേത് പൂർണമായി പിൻവലിച്ചു. അതുമൂലം കേരളത്തിലെ കൃഷിക്കാരുടെ മുഖ്യ വളത്തിൻെറ വിലയാണ് ഭീമമായി ഉയർന്നത്. അതാകട്ടെ, വളം ഉപഭോഗം കുറയ്ക്കുകയും ചെയ്തു.

ഇക്കാര്യത്തിൽ കേരളഗവർമെണ്ട് നിഷ്ക്രിയത്വം അവലംബിച്ചു. വളംവിലവർധന കേരളത്തിൻെറ കാർഷികമേഖലയിലുളവാക്കുന്ന പ്രത്യാഘാതം ഉൾക്കൊണ്ടുകൊണ്ട് ക്രിയാത്മകനടപടികൾ കൈക്കൊള്ളാൻ ഗവർമെണ്ട് തയ്യാറായില്ല. കാർഷികമേഖലയുടെ തളർച്ചയ്ക്കുള്ള ഒരു പ്രധാനകാരണം സംസ്ഥാനസർക്കാരിൻെറ കൃത്യവിലോപമാണ്.

മറ്റ് ഏത് ഉൽപാദനോപാധിയുടെ സ്ഥിതിയും വ്യത്യസ്തമല്ല. ജലസേചനക്കരം വർധിപ്പിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്നു. വൈദ്യുതിയുടെ കാര്യത്തിലാണെങ്കിൽ മിനിമം ചാർജ് യൂണിറ്റിന് 12 പൈസയെന്നത് 50 പൈസയാക്കാനുള്ള തീരുമാനമായിക്കഴിഞ്ഞു. കൃഷിക്കാരുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് തൽക്കാലമത് നീട്ടിവച്ചിരിക്കുന്നുവെന്നുമാത്രം. കീടനാശിനികളു

ടെ വില അഭൂതപൂർവമായി ഉയർന്നിരിക്കുകയാണ്. വിത്തുരംഗത്ത് കുത്തകകൾപോലും സ്ഥാനംപിടിക്കുന്ന അവസ്ഥ.

ഇങ്ങനെ എല്ലാ തരത്തിലും ഉൽപാദനച്ചെലവ് അതിഭീകരമായി ഉയർന്നിരിക്കുന്നു. തങ്ങളുടെ സ്വന്തം പ്രഖ്യാപനത്തിന് എന്തെങ്കിലും വിലകൽപിച്ചിരുന്നുവെങ്കിൽ നമ്മുടെ ഭരണാധികാരികൾ കൃഷിക്കാർക്ക് ആശ്വാസനടപടികളുമായി ഇറങ്ങുമായിരുന്നു. എന്നാൽ, അതുണ്ടായില്ല. കമ്പോളത്തിൻെറ ചൂഷണത്തിന് കൃഷിക്കാരെ പൂർണമായും ഇരയാക്കി. അതുമൂലം കൃഷിക്കാർ പാപ്പരായിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഗവർമെണ്ടിൻെറ കാർഷികനയപ്രഖ്യാപനത്തിലെ ഒരു അവകാശവാദം ഇന്ന് മിഥ്യയായിത്തീർന്നിരിക്കുന്നു.

"കാർഷികോൽപ്പന്നങ്ങളുടെ സംഭരണം കാർഷികവികസനപരിപാടിയുടെ അവിഭാജ്യഘടകമായി പരിഗണിക്കും" എന്നായിരുന്നല്ലോ മറ്റൊരു പ്രഖ്യാപനം. അതിനേക്കാൾ അപഹാസ്യമായി മറ്റൊന്നുമുണ്ടാകാനില്ല. എന്തുകൊണ്ട്? നമുക്ക് പരിശോധിക്കാം.

കേരളത്തിൻെറ കാർഷിക സമ്പദ് ഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടിനങ്ങളാണ് നെല്ലും നാളികേരവും. നമ്മുടെ ഭക്ഷ്യാവശ്യത്തിൻെറ 40 ശതമാനം നിർവഹിക്കാനുള്ള നെല്ല് മാത്രമാണ് നാം ഉൽപാദിപ്പിക്കുന്നത്. എന്നാൽ പുത്തൻ സാമ്പത്തിക നയത്തിൻെറ ഫലമായി ഉൽപാദിപ്പാദന ചെലവ് ഉയർന്നതു മൂലം നെൽകൃഷിക്കാർ വട്ടംതിരിയുന്നു. അതേസമയം കേന്ദ്ര ഗവൺമെൻറിൻെറ മറ്റൊരു നയം ഒരു അശനിപാതം പോലെ കേരളത്തിലെ നെൽകൃഷിക്കാർക്കുമേൽ പതിച്ചു. എന്താണത്?

ശുഷ്കിച്ചുവരുന്ന നെൽകൃഷിയെ പരിരക്ഷിക്കണമെങ്കിൽ നെൽകൃഷിക്കാർക്ക് കമ്പോള സംരക്ഷണം നൽകണമെന്നാണ് വർഷങ്ങളായി ഗവൺമെൻറ് സ്വീകരിച്ച നയം. എന്നാൽ പുതിയ സാമ്പത്തികനയത്തിൻെറ ഘടകമായ പുതിയ കാർഷിക നയത്തിൻെറ ഭാഗമായി നെല്ലിൻെറയും അരിയുടെയും സംസ്ഥാനാന്തര നീക്കത്തിന്മേൽ വിലക്കുകളെല്ലാം എടുത്തുകളയപ്പെട്ടു. അതോടെ കേരളത്തിൽ നെല്ലിൻെറ വില ഇടിഞ്ഞു. നെല്ലുവാങ്ങാൻ ആളില്ലാതെ പാലക്കാട്ടെയും കുട്ടനാട്ടിലെയും തൃശൂരെയും നെൽകൃഷിക്കാർ വലഞ്ഞു. കൃഷി അവർക്ക് നഷ്ടക്കച്ചവടമായി പരിണമിച്ചു.

അതുമൂലം വിഷമത്തിലായ നെൽകൃഷിക്കാർ പ്രക്ഷോഭവുമായി രംഗത്തുവന്നപ്പോൾ ഗവൺമെൻറ് നെല്ലു സംഭരണം പ്രഖ്യാപിച്ചു. എന്നാൽ നാമമാത്ര അളവിലേ സംഭരണം നടന്നുള്ളു. ആ പ്രവർത്തനം നടത്തിയ സഹകരണ സംഘങ്ങളാണെങ്കിൽ ഇന്ന് പ്രതിസന്ധിയിലാണുതാനും.

നാളികേരത്തിൻെറ കാര്യം നോക്കുക. 28 ലക്ഷത്തോളം കൃഷിക്കാരാണ് നാളികേര കൃഷിയിലേർപ്പെട്ടിരിക്കുന്നത്. പ്രതിവർഷം 525-550 കോടി നാളികേരം ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നു. അക്ഷരാർത്ഥത്തിൽ തന്നേ നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് തെങ്ങ്.

വെളിച്ചെണ്ണ മുഖ്യമായും ഒരു വ്യാവസായിക അസംസ്കൃത പദാർത്ഥമാണ്. മൊത്തം വെളിച്ചെണ്ണ ഉൽപാദനത്തിൽ 20 ശതമാനത്തിൽ താഴെ മാത്രമേ നാം ഭക്ഷ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുള്ളു. ബാക്കി 80 ശതമാനവും സോപ്പ്, സുഗന്ധ ലേപനങ്ങൾ എന്നിവയുടെ ഉൽപാദനത്തിനുള്ള അസംസ്കൃത പദാർത്ഥമാണ്.

ഇക്കാരണത്താൽ എക്കാലത്തും വെളിച്ചെണ്ണ വിലയും തദ്വാരാ നാളികേര വിലയും നിയന്ത്രിക്കുന്നത് വ്യവസായക്കുത്തകകളാണ്. അവരുടെ അമിത ചൂഷണത്തിൽ നിന്ന് കൃഷിക്കാർക്ക് പരിരക്ഷ നൽകുന്നതിനു വേണ്ടി, കൃഷിക്കാരുടെ വീറുറ്റ പോരാട്ടങ്ങളെത്തുടർന്ന് കൊപ്രയ്ക്ക് തറവില പ്രഖ്യാപിക്കാൻ കേന്ദ്ര ഗവൺമെൻറ് നിർബന്ധിതമായി.

1986 ലാണ് ആദ്യമായി കൊപ്രക്ക് താങ്ങുവില പ്രഖ്യാപിച്ചത്. കേരളത്തിൽ എൽ ഡി എഫ് ഗവൺമെൻറും കേന്ദ്രത്തിൽ വി പി സിംങ്ങ് ഗവൺമെൻറും നിലവിലുണ്ടായിരുന്ന 1989ൽ അതൊരു സ്ഥിരം സംവിധാനമാക്കി. 1989 ൽ 1500 രൂപയായിരുന്നു താങ്ങുവില. 1990 ൽ 1600 രൂപയും 1991 ൽ 1700 രൂപയുമായി അത് ഉയർത്തപ്പെട്ടു. എന്നാൽ 1992 ൽ താങ്ങുവില പ്രഖ്യാപിക്കപ്പെട്ടില്ല. ആ സംവിധാനം വേണ്ടെന്നു വയ്ക്കുന്നതിൻെറ തുടക്കമായിരുന്നു അത്.

1992 ൽ താങ്ങുവില ഉണ്ടായില്ലെങ്കിലും വില ഇടിയാതെ നിന്നു. എന്നാൽ 1993 ഓടെ സ്ഥിതി മാറി. ഒരു വശത്ത് വൻ തോതിൽ ഭക്ഷ്യാവശ്യത്തിനുള്ള പാമോയിൽ ഇറക്കുമതി; മറുവശത്ത് ചുങ്കം നിരക്ക് വെട്ടിക്കുറച്ചതിനെത്തുടർന്ന് വ്യവസായികൾ വെളിച്ചെണ്ണ ഇറക്കുമതി ആരംഭിച്ചത്. രണ്ടും ചേർന്ന് നാളികേരവില ഇടിച്ചു. 1993, 94, 95 വർഷങ്ങളിൽ കേന്ദ്രം കൊപ്രയ്ക്ക് തറവില പ്രഖ്യാപിച്ചെങ്കിലും സംഭരണത്തിന് വേണ്ട സംവിധാനമുണ്ടാക്കാതിരുന്നതുകൊണ്ട് നാളികേരവില ഇടിഞ്ഞു. ഇപ്പോഴാകട്ടെ, കൊപ്രയ്ക്ക് തറവില പ്രഖ്യാപിക്കേണ്ട എന്ന തീരുമാനത്തിലേക്ക് കേന്ദ്രം എത്തിച്ചേരുകയും ചെയ്തു.

ഇതു മൂലം എന്ത് സംഭവിച്ചു? 1990-91 കാലഘട്ടത്തിൽ ഒരു നാളികേരത്തിന് ശരാശരി അഞ്ചുരൂപ വിലയുണ്ടായിരുന്നെങ്കിൽ കഴിഞ്ഞ വർഷം അത് രണ്ടേകാൽ രൂപ വരെ താഴ്ന്നു. ഈ വർഷം

സ്ഥിതി അതേക്കാൾ ഭയാനകമായിരിക്കുമെന്നാണ് ആശങ്ക. നാളികേര വില ഒരു രൂപ ഇടിഞ്ഞാൽ കേരളത്തിന് ഒരു വർഷത്തിന് നഷ്ടപ്പെടുന്നത് 500 കോടിരൂപയാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിലെ നാളികേര കൃഷിക്കാർക്ക് ഏറ്റവും ചുരുങ്ങിയത് 1500 കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കാം.

അപൂർവ്വം ചില വിളവുകളുടെ കാര്യത്തിലൊഴികെ വിലയിടിവ് ഗുരുതരമായ പ്രശ്നമായിത്തീർന്നിരിക്കുന്നു. നമ്മുടെ കൃഷിക്കാരെല്ലാം തന്നെ വിലയിടിവിൻെറയും ഉൽപാദനച്ചെലവ് വർദ്ധനയുടെയും ഫലമായി പാപ്പരായിക്കൊണ്ടിരിക്കുന്നു. അവർക്ക് ആശ്വാസമെത്തിക്കുന്നതിന് പകരം ആക്രമണങ്ങൾക്ക് ശക്തി പകരുകയും പൊള്ളയായ വാഗ്ദാനങ്ങൾ വാരിച്ചൊരിയുകയാണ് ഗവൺമെൻറ് ചെയ്യുന്നത്. അതിൻെറ ഏറ്റവും നല്ല ഉദാഹരണമാണ് പട്ടയത്തിൻെറ പ്രശ്നം.

മലയോര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ജീവൽ പ്രശ്നമാണ് പട്ടയം. അക്കാര്യത്തിൽ കരുണാകരനും മാണിയും ആൻറണിയും കൂടി പൊറാട്ടുനാടകമാണ് കളിക്കുന്നത്. ഇന്നു കിട്ടും, നാളെക്കിട്ടും എന്നു കരുതി അതിനായി കാത്തിരിക്കുന്ന കൃഷിക്കാർ അപ്പാടെ വഞ്ചിക്കപ്പെട്ടിരിക്കുന്നു. മലയോര മേഖലയാകെ ഇന്ന് ഇളകിമറിയുകയാണ്,

കാർഷികമേഖലയെ ഉണർത്തുന്നതിനുവേണ്ടി എൽ ഡി എഫ് ഗവൺമെൻറ് തുടക്കം കുറിച്ച ക്രിയാത്മക നടപടികളെല്ലാം ഇപ്പോൾ ഉപേക്ഷിച്ചിരിക്കുന്നു. ഗ്രൂപ്പ് ഫാമിംഗ് ഇന്ന് കടലാസിൽ മാത്രമാണ്. കൃഷിഭവനുകൾ ഒന്നൊന്നായി പൂട്ടിക്കൊണ്ടിരിക്കുന്നു.

ചുരുക്കി പറഞ്ഞാൽ കാർഷികമേഖലയെ സംബന്ധിച്ചിടത്തോളം പ്രതീക്ഷകളൊന്നും അവശേഷിപ്പിക്കാതെയാണ് യു ഡി എഫ് ഗവൺമെൻറിൻെറ അഞ്ച് വർഷം പൂർത്തിയാകുന്നത്. ഇനിയൊരു അവസരം കൂടി അവർക്ക് നൽകിയാൽ കേരളത്തിൻെറ കാർഷിക മേഖലയിലാകെ ഇരുൾ പരക്കും. "കർഷകർക്ക് മാന്യത" നൽകുമെന്ന് പ്രഖ്യാപിച്ചവരുടെ ഭരണകാലത്ത് കൃഷിക്കാർ പിച്ചച്ചട്ടിയുമായി നടക്കേണ്ട ഗതികേടാണ് ഉളവായിരിക്കുന്നത്. അത് ഇനിയും അനുവദിക്കണോ? അതാണ് കേരളത്തിലെ കൃഷിക്കാർ വരുന്ന തെരഞ്ഞെടുപ്പു വേളയിൽ നിശ്ചയിക്കേണ്ട മുഖ്യപ്രശ്നം.

## മൂന്ന്

യു ഡി എഫ് ഭരണത്തിൻകീഴിൽ കേരളം വ്യവസായങ്ങളുടെ

ഒരു ശവപ്പറമ്പായി മാറിയിരിക്കുകയാണ്. തൊഴിലാളികളെയും മാനേജ്
മെൻറിനെയും വിശ്വാസത്തിലെടുത്തുകൊണ്ട് എൽ ഡി എഫ് ഭരണ കാലത്ത് നമ്മുടെ വ്യവസായ മേഖല കൈവരിച്ച നേട്ടങ്ങൾ കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടക്ക് ഇല്ലായ്മ ചെയ്യപ്പെട്ടിരിക്കുന്നു.

നാഷണൽ ഹൈവേയിലൂടെ യാത്രചെയ്യുന്ന ആർക്കും ഇന്ന് വേദനയോടുകൂടിയല്ലാതെ ഇരുവശത്തേക്കും കണ്ണയക്കാനാവില്ല. ഹൈവേയുടെ ഇരുവശങ്ങളിലുമായി അടഞ്ഞുകിടക്കുന്ന എത്രയെത്ര വ്യവസായശാലകൾ! അവയോരോന്നിൻെറയും പരിസരങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട എത്രയെത്ര കുടുംബങ്ങൾ! നമുക്ക് വടക്കുനിന്ന് യാത്ര ആരംഭിക്കാം.

കോഴിക്കോട്ട് ഉണ്ടൊരു ഫാക്ടറി. പുകഴ്പെറ്റ ഫാക്ടറി. കേരളാ സോപ്സ് ആൻറ് ഓയിൽസ്. കമ്പോളത്തിൽ നല്ല അംഗീകാരം നേടിയ സോപ്പുകളും ഔഷധതൈലങ്ങളും വനസ്പതി തുടങ്ങിയവയും ഉല്പാദിപ്പിച്ചിരുന്ന ഫാക്ടറി. എൽ ഡി എഫ് ഭരണകാലത്ത് പുനരുദ്ധരിച്ചത്! കുഞ്ഞാലിക്കുട്ടിയുടെ ഭരണത്തിൻകീഴിൽ അത് പൂട്ടിക്കിടക്കുന്നു. അതിലെ തൊഴിലാളികൾ തൊഴിലും ശമ്പളവുമില്ലാതെ തെരുവിലലയുന്നു.

കോഴിക്കോട്ടുതന്നെയുള്ള മറ്റൊരു പ്രമുഖ ഫാക്ടറിയാണ് സ്റ്റീൽ കോംപ്ലക്സ്. ലാഭത്തിലോടിയിരുന്ന ഈ സ്ഥാപനം ഇന്നിപ്പോൾ നഷ്ടത്തിലായിരിക്കുന്നു. നഷ്ടങ്ങളുടെ കാര്യം പറഞ്ഞുകൊണ്ട് കമ്പനി വിൽക്കാനാണ് ഗവൺമെൻറ് ശ്രമിക്കുന്നത്. തൊഴിലാളികളുടെ ഭാവി ത്രാസിൽ തൂങ്ങുന്നു.

ഹൈവേയിലൂടെ തെക്കോട്ടു വരുമ്പോൾ കുറ്റിപ്പുറത്തു കാണാം ഒരു ഫാക്ടറി. സാക്ഷാൽ കുഞ്ഞാലിക്കുട്ടിയുടെ മണ്ഡലത്തിൽ. കേരള ഡിറ്റർജൻറ്സ് ആൻറ് കെമിക്കൽസ്. മാനേജ്മെൻറിൻെറ കെടുകാര്യസ്ഥതയും മാർക്കറ്റിംഗ് സംവിധാനത്തിൻെറ പരാജയവും മൂലം അത് രോഗഗ്രസ്തമായിരിക്കുന്നു. കമ്പനിയെയും തങ്ങളുടെ തൊഴിലിനെയും സംരക്ഷിക്കുന്നതിനായി സഹകരണസംഘം രൂപീകരിച്ച് ഏറ്റെടുത്ത് നടത്തിക്കൊള്ളാമെന്ന് തൊഴിലാളികൾ പറഞ്ഞതാണ്. എന്നാൽ കമ്പനി കുത്തക മുതലാളിമാർക്ക് വിൽക്കുകയും കമ്മീഷൻ വെട്ടിക്കുകയും ചെയ്യണമെന്ന മോഹത്താൽ ഭരണാധികാരികൾ ആ നിർദേശം ഉൾക്കൊള്ളാൻ തയ്യാറാകുന്നില്ല.

ഇനിയും തെക്കോട്ടു വരിക. തൃശൂർ ജില്ല ലെ കൊരട്ടിയിലേക്ക്. ഹൈവേയോട് ചേർന്ന് കിഴക്ക് ഭാഗത്ത് പൂട്ടിക്കിടക്കുന്നതാണ് മദുരാ കോട്സ്. രണ്ടായിരം തൊഴിലാളികൾ പണിയെടുത്തിരുന്ന

സ്ഥാപനം. ഒരൊറ്റ ദിവസമാണ് ആ രണ്ടായിരം പേരേയും കമ്പനിയിൽ നിന്ന് പിരിച്ചുവിട്ട് ഗേറ്റ് പൂട്ടിയത്. നമ്മുടെ വ്യവസായങ്ങളുടെ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടാകാത്ത ഒരു സംഭവം.

കൊരട്ടിയിൽ നിന്ന് ഏതാനും കിലോമീറ്റർ തെക്കോട്ടു യാത്രചെയ്താൽ കറുകുറ്റിയിൽ ഹൈവേയുടെ പടിഞ്ഞാറു ഭാഗത്തായി കാണാം പ്രീമിയർ കേബിൾസ്. ആയിരത്തോളം തൊഴിലാളികൾ പണിയെടുത്തുവന്ന സ്ഥാപനം. അടച്ചു പൂട്ടിയിട്ട് അഞ്ചു വർഷം കഴിഞ്ഞു. ഈ സ്ഥാപനം ഏറ്റെടുത്തു നടത്താൻ ഒരു പ്രമോട്ടർ മുന്നോട്ടുവന്നു. എന്നാൽ യു ഡി എഫ് സർക്കാർ കനിഞ്ഞില്ല. തൊഴിലാളികൾ ഇന്നും തെരുവിൽത്തന്നെ.

അത്താണിയിലെ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഊർദ്ധശ്വാസം വലിക്കുന്നു. അടച്ചു പൂട്ടപ്പെട്ട കളമശ്ശേരിയിലെ തോഷിബ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാമെന്ന തൊഴിലാളികളുടെ നിർദേശത്തിനു മുന്നിൽ ഗവൺമെൻറ് മൗനമവലംബിക്കുന്നു. സ്റ്റീൽ ഫോർജിംഗ്സ് എന്ന സർക്കാർ സ്ഥാപനത്തിന് ധാരാളം ഓർഡറുകളുണ്ടെങ്കിലും പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തത മൂലം അത് രോഗഗ്രസ്തമായിരിക്കുന്നു. ആലപ്പുഴയിലെ കേരളാ ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസിൻെറയും സ്ഥിതി വ്യത്യസ്തമല്ല. പുനലൂർ പേപ്പർമിൽ, തിരുവനന്തപുരം റബ്ബർ വർക്ക്സ്, സ്കൂട്ടേഴ്സ് കേരള.... യു ഡി എഫ് ഗവൺമെൻറിൻെറ വികലമായ വ്യവസായ നയത്തിൻെറ സാക്ഷ്യ പത്രങ്ങളായി അവ നിലകൊള്ളുന്നു.

ആധുനിക വ്യവസായമേഖലയുടെ സ്ഥിതി ഇതാണെങ്കിൽ പരമ്പരാഗത മേഖല ഇതിനെക്കാൾ തീവ്രമായ പ്രതിസന്ധിയിലാണ്. നമുക്ക് ഇവ ഒന്നൊന്നായി പരിശോധിക്കാം.

കേരളത്തിലെമ്പാടുമായി ഒമ്പതു ലക്ഷത്തോളം പേർക്ക് തൊഴിൽ നൽകുന്നതാണ് മൽസ്യബന്ധന മേഖല. പരമ്പരാഗത രീതിയിലും യന്ത്രവൽകൃത ബോട്ടുകളിലും പണിയെടുത്ത് ഉപജീവനം നടത്തുന്നവർ. അവരെ ഒന്നടങ്കം കേന്ദ്ര ഗവൺമെൻറ് ഇന്ന് പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ആഴക്കടൽ മൽസ്യ ബന്ധനത്തിന് ഇരുനൂറിൽ പരം വിദേശ കപ്പലുകൾക്ക് ലൈസൻസ് നൽകിയതോടെ അറബിക്കടലിനെ ആശ്രയിച്ച് ജീവിച്ചിരുന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് കഞ്ഞികുടി മുട്ടി. അതേപോലെതന്നെ ഇടത്തട്ടുകാരുടെയും പലിശപ്പണയക്കാരുടെയും കരപ്രമാണിമാരുടെയും ചൂഷണത്തിൽ നിന്ന് മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനു വേണ്ടി എൽ ഡി എഫ് ഗവൺമെൻറ് കൊണ്ടുവന്ന സഹകരണ സംഘ സംവിധാന

ത്തെ തകർത്തെറിഞ്ഞ യു ഡി എഫ് ഗവൺമെൻറ് മൽസ്യത്തൊഴിലാളി സമൂഹത്തെയാകെ വഞ്ചിക്കുകയും ചെയ്തു.

യു ഡി എഫ് ഗവൺമെൻറിൻെറ ക്രൂരതക്കിരയായ മറ്റൊരു വിഭാഗമാണ് കശുവണ്ടിത്തൊഴിലാളികൾ. മുൻ യു ഡി എഫ് ഭരണകാലത്ത്, 1982-86ൽ കാഷ്യു കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 40-50 ദിവസമാണ് പണി ലഭിച്ചിരുന്നതെങ്കിൽ എൽ ഡി എഫ് ഗവൺമെൻറിൻെറ കാലത്ത് 95 മുതൽ 120 ദിവസം വരെ പണികിട്ടി. വീണ്ടും കരുണാകരസർക്കാർ വന്നതോടെ 1991ലും 92ലും ജോലി ദിവസം 50 ആയി ചുരുങ്ങി. 93 ൽ 12 ദിവസവും 94 ൽ 32 ദിവസവും മാത്രമായിരുന്നു ജോലി. 95 ലാകട്ടെ വീണ്ടും 12 ദിവസം മാത്രം! പതിനായിരങ്ങൾ പണിയെടുക്കുന്ന കശുവണ്ടി മേഖലയിൽ ഇന്ന് കണ്ണീർ തോർന്ന സമയമില്ല.

രണ്ടു ലക്ഷം പേർ പണിയെടുക്കുന്ന മേഖലയാണ് കൈത്തറി വ്യവസായം. പുത്തൻ സാമ്പത്തിക നയത്തിൻെറ ഭാഗമായി ഇന്ത്യയിൽ നിന്ന് വൻ തോതിൽ പഞ്ഞിയും നൂലും കയറ്റി അയച്ചതുമൂലം നൂൽ വില പല മടങ്ങായി ഉയർന്നു. ചായത്തിൻെറയും മറ്റ് അസംസ്കൃത പദാർത്ഥങ്ങളുടെയും വില കയറിക്കൊണ്ടിരിക്കുന്നു. ഇതിൻെറയെല്ലാം ഫലമായി കൈത്തറി വ്യവസായമാകെ ഇന്ന് പ്രതിസന്ധിയിലത്രെ.

ആധുനികമായാലും പരമ്പരാഗതമായാലും ഏത് വ്യവസായത്തിലും യു ഡി എഫ് ഭരണം ദുരന്തം മാത്രമേ വിതച്ചിട്ടുള്ളു. വ്യവസായങ്ങളുടെ നിലനിൽപോ തൊഴിലാളികളുടെ ജീവിതമോ അവർക്ക് പ്രശ്നമേ അല്ല. വ്യവസായങ്ങളെ നശിപ്പിക്കുക എന്നൊരു കർമ്മം മാത്രമേ അവർ ഈ അഞ്ചു വർഷക്കാലവും ചെയ്തിട്ടുള്ളൂ.

ഇത് കേരളത്തിലെ യു ഡി എഫ് ഗവൺമെൻറിൻെറ മാത്രം സംഭാവനയല്ല എന്ന് നാം ഇന്ന് അറിയുന്നു. കേന്ദ്ര ഗവൺമെൻറ് നടപ്പാക്കുന്ന സാമ്പത്തിക നയം അതേപടി പിന്തുടരുന്നവരാണ് നമ്മുടെ ഭരണക്കാർ.

പ്രസിദ്ധീകരിക്കപ്പെട്ട ഏറ്റവും അവസാനത്തെ കണക്കുകൾ പ്രകാരം ഇന്ത്യയൊട്ടാകെ 4,00,000 ത്തിൽ പരം വ്യവസായ യൂണിറ്റുകളാണ് അടച്ചുപൂട്ടപ്പെട്ടിരിക്കുന്നത്. ഇതു മൂലം ലക്ഷക്കണക്കിന് തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നത്. കേരളത്തിലാണെങ്കിൽ 31-3-95 വരെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന വ്യവസായ യൂണിറ്റുകളുടെ എണ്ണം 1,26,220 ആണ്. അവയിലെല്ലാം കൂടി 7,01,440 തൊഴിലാളികൾ പണിയെടുക്കേണ്ടതാണ്. എന്നാൽ മൂന്നിലൊന്ന് സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നതുകൊണ്ട് രണ്ടു ലക്ഷത്തിൽപ

J738



രം കുടുംബങ്ങളാണ് തെരുവാധാരമായിരിക്കുന്നത്.

ഐശ്വര്യ സമ്പൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കണമെങ്കിൽ കൃഷി, വ്യവസായം എന്നീ മേഖലകളിൽ പുരോഗമനപരമായ നടപടികൾ ആവശ്യമാണ്. ഭരണമെന്നാൽ സ്വന്തം കീശ വീർപ്പിക്കാനുള്ള അവസരം മാത്രമായി കാണുന്ന കോൺഗ്രസ് (ഐ) നേതൃത്വത്തിലുള്ള ഐക്യമുന്നണി ഗവൺമെൻറിന് കേരളത്തിൻെറ പുരോഗതിയിൽ താൽപര്യമില്ല. കേരളത്തിൻെറ താൽപര്യം സംരക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയ്ക്കേ കഴിയൂ എന്ന് അനുഭവം കേരളീയരെ ബോധ്യപ്പെടുത്തുന്നു. അതുകൊണ്ടു തന്നെ യു ഡി എഫിനെ ചവുട്ടി പുറത്താക്കാനും എൽ ഡി എഫിനെ അധികാരത്തിലേറ്റാനുമുള്ള രാഷ്ട്രീയ തീരുമാനം കൈക്കൊള്ളുകയാണ് വരും തെരഞ്ഞെടുപ്പിൽ കേരളത്തിലെ വോട്ടർമാർ ചെയ്യേണ്ടത്.

തിരുവനന്തപുരം

26-01-1996

അച്ചടി പി. കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിങ്ങ് &
പബ്ലിഷിംഗ് കമ്പനി (പ്രൈ) ലിമിറ്റഡ്, തിരുവനന്തപുരം.
തീയതി: 13..1..96

# തകരുന്ന വ്യവസായം തളരുന്ന കാർഷികമേഖല

320-954
THA

സി.പി.ഐ.(എം) കേരള സംസ്ഥാനകമ്മിറ്റി
പ്രസിദ്ധീകരിക്കുന്നത്

വില: 0.75 രൂപ

Indic Digital Archive Foundation
gpura.org